# ജീവജലത്തിന് സോളിഡാരിറ്റി ജനകീയ കുടിവെള്ളപദ്ധതി

കേരളത്തിലെ 50 ഗ്രാമങ്ങളിൽ ആയിരത്തിലധികം കുടുംബങ്ങൾക്ക് പ്രയോജനമാകുന്ന സോളിഡാരിറ്റി ജനകീയ കുടിവെള്ള പദ്ധതിക്ക് തുടക്കമായി. കൊടുങ്ങല്ലൂർ പോലീസ് മൈതാനിയിൽ പ്രൗഢഗംഭീരമായ ജനാവലിയെ സാക്ഷിനിർത്തി കേരള ജലവിഭവ വകുപ്പുമന്ത്രി എൻ.കെ. പ്രേമചന്ദ്രൻ പദ്ധതിയുടെ ഉൽഘാടനം നിർവ്വഹിച്ചു. കുടിവെള്ളം ഉൾപ്പെടെ അടിസ്ഥാന ജനകീയപ്രശ്നങ്ങൾ ജനപങ്കാളിത്തത്തോടെ മാത്രമേ പരിഹരിക്കാനാവൂ എന്ന് ഉൽഘാടനപ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. ജനങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കുകയെന്നത് സർക്കാരിന്റേയും പൊതുസമൂഹത്തിന്റേയും ബാധ്യതയാണ്. ഇക്കാര്യത്തിൽ സർക്കാർ പരമാവധി ചെയ്യുന്നു. പ്രശ്നപരിഹാരത്തിന് ജനകീയ ഇടപെടൽ അനിവാര്യമാണ്. സോളിഡാരിറ്റി ആവിഷ്ക്കരിച്ച ജനകീയപദ്ധതി ജലവിനിയോഗകാര്യത്തിൽ വൻ ജനകീയ ഇടപെടലാകും എന്ന് മന്ത്രി ചൂണ്ടിക്കാട്ടി. ഉൾനാട്ടിലെ പാവപ്പെട്ടവരുടെ ജീവിതക്ലേശം പരിഹരിക്കാനുള്ള യത്നമാണ് സോളിഡാരിറ്റിയുടെ പദ്ധതി. ഇതുവഴി എത്രപേർക്ക് ഗുണം ലഭിക്കുന്നുവെന്നതല്ല; ജലദൗർലഭ്യം പരിഹരിക്കാൻ ജനകീയ ഇടപെടലുകൾക്കേ സാധ്യമാവൂ എന്ന സന്ദേശമാണ് ലഭിക്കുന്നത് എന്ന് കരൂപ്പടന്ന മുസാഫരിക്കുന്ന് നിവാസികൾക്ക് ആദ്യപദ്ധതിയുടെ അനുമതിപത്രം കൈമാറി റവന്യൂ വകുപ്പ് മന്ത്രി കെ.പി. രാജേന്ദ്രൻ പറഞ്ഞു. ഓർക്കുട്ടിലും ഫൈസ്ബുക്കിലുമല്ല, അവശ ജനവിഭാഗങ്ങളുടെയും പാർശ്വവൽക്കരിക്കപ്പെട്ട നിരാലംബരുടെയും അവകാശപ്പോരാട്ടങ്ങളിലാണ് സോളിഡാരിറ്റി നിലകൊള്ളുന്നതെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച സോളിഡാരിറ്റി സംസ്ഥാനപ്രസിഡന്റ് പി. മുജീബ് റഹ്മാൻ പറഞ്ഞു. എൻഡോസൾഫാൻ പുനരധിവാസപദ്ധതിയും ഭവനനിർമ്മാണപദ്ധതിയും പ്രതീക്ഷയ്ക്കപ്പുറം വിജയത്തിലെത്തിക്കാനായത് അതുകൊണ്ടാണെന്ന് അദ്ദേഹം പറഞ്ഞു.



*ജനകീയ കുടിവെള്ളപദ്ധതി മന്ത്രി എം.കെ. പ്രേമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു. തോമസ് ഉണ്ണിയാടൻ എം.എൽ.എ, പി. മുജീബ് റഹ്മാൻ, മന്ത്രി കെ.പി. രാജേന്ദ്രൻ, ശൈഖ് മുഹമ്മദ് കാരക്കുന്ന്, കെ.വി. മുഹമ്മദ് സക്കീർ തുടങ്ങിയവർ സമീപം*

ജമാഅത്തെ ഇസ്ലാമി സംസ്ഥാന അസി അമീർ ശൈഖ് മുഹമ്മദ് കാരക്കുന്ന് പദ്ധതി പ്രഖ്യാപനം നിർവ്വഹിച്ചു. തോമസ് ഉണ്ണിയാടൻ എം.എൽ.എ, കെ.വി. മുഹമ്മദ് സക്കീർ, ജമാഅത്തെ ഇസ്ലാമി ജില്ലാപ്രസിഡന്റ് പി. അബ്ദുറഹ്മാൻ എന്നിവർ സംസാരിച്ചു. സോളിഡാരിറ്റി സംസ്ഥാനസെക്രട്ടറി കെ.കെ. ബഷീർ റിപ്പോർട്ട് അവതരിപ്പിച്ചു. ജനറൽ സെക്രട്ടറി പി.ഐ നൗഷാദ് സ്വാഗതവും ജില്ലാ പ്രസിഡന്റ് കെ.എ. സദറുദ്ദീൻ നന്ദിയും പറഞ്ഞു. ●